# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2730**

**18.08.2017-ന് മറുപടി നൽകേണ്ടിയിരുന്നത്**

## വാമനപുരം നിയോജകണ്ഡലത്തിലെ സ്കൂളുകളിൽ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന സ്കീം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഡി.കെ. മുരളി | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള രണ്ടാമത്തെ പൊതുവിദ്യാഭ്യാസ സ്കീമിൽ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിരുന്ന വാമനപുരം നിയോജകണ്ഡലത്തിലെ കല്ലറ ഗവൺമെന്റ് വി.എച്ച്. എസ്.എസ്., ഭരതന്നൂർ ഗവൺമെന്റ് എച്ച്.എസ്.എസ്., മിതൃമ്മല ഗവൺമെന്റ് ബി.എച്ച്.എസ്.എസ്. എന്നീ സ്കൂളുകളിൽ പ്രസ്തുത സ്കീം നടപ്പാക്കുന്നതിന്റെ പുരോഗതി വിവരങ്ങൾ അറിയിക്കാമോ; | (എ) & (ബി) ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള രണ്ടാമത്തെ പൊതു വിദ്യാഭ്യാസ സ്കീമിൽ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വാമനപുരം നിയോജക മണ്ഡലത്തിലെ കല്ലറ ഗവൺമെന്റ് വി.എച്ച്. എസ്.എസ്., ഭരതന്നൂർ ഗവൺമെന്റ് എച്ച്.എസ്.എസ്. എന്നീ സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. മിതൃമ്മല ഗവൺമെന്റ് ബി.എച്ച്.എസ്.എസിന്റെ ശാസ്ത്രീയമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു. വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകി, കിഫ്ബി മുഖേനയുള്ള ധനസഹായം ലഭ്യമാകുന്ന മുറക്ക് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതാണ്. |
| (ബി) ഇതിനായി മാസ്റ്റർ പ്ലാൻ തുടങ്ങിയവ തയ്യാറാക്കി കഴിഞ്ഞോ; വിശദാംശങ്ങൾ നൽകുമോ? | |

സെക്ഷൻ ഓഫീസർ